# TITUS II TEACHERS COLLEGE

TIRUVALLA,KERALA

# NATURAL SCIENCE ASSOCIATION

## അടുത്തറിയാം സസ്യജാലങ്ങളെ

(PLANT OF THE WEEK)

## നീർമരുത്

**നക്ഷത്രം: ചോതി**

**ശാസ്ത്രീയ നാമം**: ***Terminalia arjuna***

**IUCN Status: Not Evaluated (NE)**

കേരളമടക്കം ഇന്ത്യയിൽ ആകമാനം കാണപ്പെടുന്ന ഒരിനം വൃക്ഷമാണ് നീർമരുത് അഥവാ ആറ്റുമരുത്. ഇംഗ്ലീഷിൽ അർജുൻ ട്രീ എന്നു പറയും. നല്ല ബലമുള്ള വൃക്ഷമായതിനാൽ ബലവാൻ എന്ന അർത്ഥത്തിൽ അർജ്ജുന: എന്ന് സംസ്കൃതത്തിൽ പറയുന്നു. എൺപത് അടി വരെ ഉയരത്തിൽ വളരുന്ന നീർമരുതിന്റെ ഇല നീണ്ടതും അഗ്രം വൃത്താകൃതിയിലുമാണ്. തോലിന് വെളുത്ത നിറവുമാണ്.

**<u>ഉപയോഗങ്ങൾ</u>**

നീർമരുതിൻ തൊലിയാണ് പ്രധാനമായും ഔഷധമായി ഉപയോഗിക്കുന്നത്.

- ഹൃദ്രോഗത്തിന് ശക്തമായ മരുന്നാണ്.
- നീർമരുതിൻ തൊലി ഉണക്കിപ്പൊടിച്ച് 3ഗ്രാം മുതൽ 6ഗ്രാം വരെ മൂന്നുനേരം വീതം ദിവസേന കഴിച്ചാൽ ഹൃദ്രോഗം ശമിക്കും.
- ഇതു നേരത്തെ പറഞ്ഞ അളവിൽ പാലിൽ കലക്കി കഴിച്ചാൽ എല്ലു പൊട്ടിയതിനു നല്ലതാണ്
- നീർമരുതിൽ നിന്നു കണ്ടെത്തിയ TA-65 എന്ന മോളിക്യൂൾ പ്രായമാകുന്നതിനെ തടയാൻ ഉതകുന്നതായി അവകാശവാദങ്ങളുണ്ട്.
- ആസ്ത്മ, പ്രമേഹ രോഗം, ക്ഷയ രോഗം, ദന്തധാവനം തുടങ്ങിയ രോഗങ്ങൾക്കും നീർമരുതിൻ തൊലി പ്രധാനമായും ഉപയോഗിക്കുന്നു





